## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 211 — 05.10.2016-ൽ മറുപടിയ്ക്ക്

### കുടിവെള്ള പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.അൻവർ സാദത്ത്<br>,, വി.ടി.ബൽറാം<br>,, റോജി എം. ജോൺ<br>,, സണ്ണി ജോസഫ്: | | മാത്യു. ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ | സംസ്ഥാനത്തെ കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | എ കുടിവെള്ള പദ്ധതികളുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചതിനുശേഷം പദ്ധതികളുടെ വിവിധ ഘടകങ്ങൾ ഒരേ സമയം ടെൻഡർ വിളിക്കുകയും കരാർ നൽകുകയും ചെയ്യുന്നത് മൂലം പ്രോജക്ട് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ ഘടകങ്ങൾ ഒരേ സമയം പൂർത്തിയാക്കാൻ കഴിയുന്നു. പദ്ധതികളുടെ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കാൻ വിവിധ തലത്തിലുള്ള അവലോകന യോഗങ്ങൾ ചേരുകയും മറ്റു ഡിപ്പാർട്ട്മെന്റിന്റെ അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. പദ്ധതികളുടെ പുരോഗതി സമയാസമയം വിലയിരുത്തി ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതിനായി ജലഅതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ ഓഫീസിൽ പ്രത്യേക മോണിറ്ററിംഗ് യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. പദ്ധതി പ്രവർത്തനത്തിൽ പ്രാദേശികമായി ഉണ്ടാകുന്ന തടസങ്ങൾ നീക്കാൻ പ്രാദേശിക തലത്തിൽ ജനപ്രതിനിധികളുടെ സഹായ സഹകരണത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ജലനിധി കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കെ.ആർ.ഡബ്ല്യു.എസ്.എ ജനപ്രതിനിധികൾ, സഹായ സംഘടനയിലെ ഉദ്യോഗസ്ഥർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് പദ്ധതി അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. കൂടാതെ പദ്ധതിയുടെ ആസൂത്രണ ഘട്ടം മുതൽ പദ്ധതി പൂർത്തീകരണം വരെയുള്ള എല്ലാ പ്രവർത്തനങ്ങൾക്കും കെ.ആർ.ഡബ്ല്യു.എസ്.എ യും, അവർ നിയോഗിച്ച സഹായ സംഘടനയിലെ ഉദ്യോഗസ്ഥരും ഗ്രാമ പഞ്ചായത്തിനേയും ഗുണഭോക്തൃ സംഘങ്ങളേയും സഹായിക്കുന്നു. |

| | | | |
|---|---|---|---|
| ബി | ഈ സർക്കാർ അധികാര ത്തിൽ വന്നശേഷം എത്ര കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | ബി | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തിരുവനന്തപുരം സർക്കിളിനു കീഴിൽ കല്ലിയൂർ, വെങ്ങാനൂർ പഞ്ചായത്തുകൾക്കും വിഴിഞ്ഞം കോർപ്പറേഷൻ ഏരിയയ്ക്കും കോവളം ടൂറിസ്റ്റ് ഏരിയയ്ക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി ഭാഗികമായി പൂർത്തീകരിച്ചു.<br>കോട്ടയം സർക്കിളിനു കീഴിൽ മണിമല ശുദ്ധജല പദ്ധതി ഭാഗികമായി പൂർത്തീ കരിച്ചു.<br>പത്തനംതിട്ട സർക്കിളിനു കീഴിൽ പന്തളം ശുദ്ധജല വിതരണ പദ്ധതിയും പൂർത്തീകരിച്ചിട്ടുണ്ട്. ജലനിധി രണ്ടാം ഘട്ട പദ്ധതി പ്രകാരം 28.09.2016 വരെ 74 കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| സി | ഏതെല്ലാം പദ്ധതികൾ പ്രയോജനപ്പെടുത്തിയാണ് ഇത് പൂർത്തീകരിച്ചതെന്ന് വിശദമാക്കുമോ; | സി | തിരുവനന്തപുരം സർക്കിളിനു കീഴിലെ കല്ലിയൂർ വെങ്ങാനൂർ പദ്ധതി നബാർഡ് പദ്ധതി തുകയായി 2222 ലക്ഷം രൂപയും ടൂറിസം ഡിപ്പാർട്ട് മെന്റിന്റെ ഡെപ്പോസിറ്റ് തുകയായി 1400 ലക്ഷം രൂപയും തിരുവനന്തപുരം കോർപ്പറേഷന്റെ ഡെപ്പോസിറ്റ് തുകയായി 100 ലക്ഷം രൂപയും ചേർത്ത് അടങ്കൽ തുക 3722 ലക്ഷം രൂപയുള്ള പദ്ധതി ഭാഗികമായി പൂർത്തീകരിച്ചു.<br>കോട്ടയം സർക്കിളിനു കീഴിലെ മണിമല ശുദ്ധജല പദ്ധതി 2138.81 ലക്ഷം രൂപ കേന്ദ്ര ഗവൺമെന്റ് സഹായത്താലും 14 ലക്ഷം രൂപ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയുടെ ഫണ്ട് ഉപയോഗിച്ചും ഭാഗികമായി പൂർത്തീകരിച്ചു.<br>പത്തനംതിട്ട സർക്കിളിനു കീഴിലെ പന്തളം ശുദ്ധജല വിതരണ പദ്ധതി, ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പൂർത്തീകരിച്ചത്. |
| ഡി | സംസ്ഥാനത്ത് എത്ര ലക്ഷം ജനങ്ങൾക്കാണ് ഇതുവഴി കുടിവെള്ളം ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ഡി | തിരുവനന്തപുരം സർക്കിളിനു കീഴിലെ കല്ലിയൂർ വെങ്ങാനൂർ പദ്ധതിയിൽ നിന്നും 50,000 ജനങ്ങൾക്കും കോട്ടയം സർക്കിളിനു കീഴിലെ മണിമല ശുദ്ധജല പദ്ധതി മൂലം 1,000 പേർക്കും പത്തനംതിട്ട സർക്കിളിനു കീഴിലെ പന്തളം ശുദ്ധജലവിതരണ പദ്ധതി വഴി 36,000 പേർക്കും കുടിവെള്ളം ലഭിക്കുന്നതാണ്. ജലനിധി പദ്ധതി വഴി 6511 കുടുംബങ്ങളുടെ 0.29 ലക്ഷം ജനങ്ങൾക്ക് പൂർത്തിയായ 74 പദ്ധതികളിലൂടെ കുടിവെള്ളം ലഭ്യമാകുന്നു. |
| ഇ | പൂർത്തിയാക്കാത്ത കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുമോ? | ഇ | പൂർത്തിയാവാനുള്ള കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

Renuka Sankar

സെക്ഷൻ ഓഫീസർ